Notice for adjournment Motion (permission denied)

Uncorrected/Not for publication
02-02-2026
1

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: പയ്യന്നൂരിൽ പൊലീസിനെ ബോംബ് എറിഞ്ഞ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾക്ക് പരോൾ നൽകിയതായും പരോൾ അനുവദിക്കുന്നതിനായി പൊലീസുദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയതായും പറയപ്പെടുന്ന സംഭവം സംബന്ധിച്ചാണ് ചട്ടം 50 പ്രകാരം ഇന്ന് നോട്ടീസ് ലഭിച്ചത്. ചട്ടം 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ പര്യാപ്തമായ അടിയന്തര പ്രാധാന്യമില്ലാത്തതിനാൽ പ്രസ്തുത നോട്ടീസ് പരിഗണിക്കാൻ നിർവാഹമില്ലെന്ന് അറിയിക്കുന്നു.......(ബഹളം)......(ബഹളം)......ആവശ്യമെങ്കിൽ നോട്ടീസ് നൽകിയ അംഗത്തിന് സബ്മിഷനായി പ്രസ്തുത വിഷയം ഉന്നയിക്കാം.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ,.......(ബഹളം)...........

മി. സ്പീക്കർ: ഫ്ലോർ ഓർഡറാക്കാൻ പറയൂ......പ്ലീസ്..... അദ്ദേഹം സംസാരിക്കട്ടെ. ഫ്ലോർ ഓർഡറാക്കണം........(ബഹളം)......

ശ്രീ. വി. ഡി. സതീശൻ: സർ, ചട്ടം 50 അനുസരിച്ചും റൂൾസ് ഓഫ് പ്രൊസീജ്യൂവർ അനുസരിച്ചും വളരെ ഗുരുതരമായ വിഷയമാണ് നൽകിയിരിക്കുന്നത്. ചട്ടം/നിയമം ലംഘിച്ച് ക്രിമിനലുകൾക്ക് പരോൾ നൽകിയതിനെത്തുടർന്ന് ക്രിമിനലുകൾ തെരുവിലിറങ്ങി കലാപം നടത്തുകയും ക്രിമിനൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതുസംബന്ധിച്ച ഗൗരവതരമായ വിഷയമാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. സർക്കാരിന് സൗകര്യമില്ലാത്ത കാര്യങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യുകയില്ലെന്നാണോ; നിരവധി വിഷയങ്ങൾ ഇവിടെ ചർച്ചയ്ക്കെടുത്തെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നു. സർക്കാരിന് സൗകര്യമില്ലാത്ത കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യില്ലെന്ന് പറഞ്ഞാൽ പിന്നെ എന്തിനാണ്......(ബഹളം)......

മി. സ്പീക്കർ: ഈ വിഷയം അടിയന്തര പ്രാധാന്യമില്ലെന്നാണ് പറഞ്ഞത്.......(ബഹളം)......

ശ്രീ. വി. ഡി. സതീശൻ: സർ, ക്രിമിനലുകൾ തെരുവിലിറങ്ങിയതുമായി ബന്ധപ്പെട്ട വിഷയത്തിന് അടിയന്തര പ്രാധാന്യമില്ലേ; .........(ബഹളം)......

മി. സ്പീക്കർ:........(ബഹളം)......അങ്ങയുടെ ടീമിനെ ഓർഡറാക്കി ഇരുത്തണം......യെസ്....യെസ്....ശ്രീ. പി. കെ. ബഷീർ സീറ്റിൽ ഇരിക്കുന്നില്ലെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മൈക്ക് ലഭിക്കുകയില്ല.......(ബഹളം)......

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ പറയരുതേ.........അങ്ങനെയൊന്നും അങ്ങ് പറയാൻ പാടില്ല......... (ബഹളം)......

മി. സ്പീക്കർ:........(ബഹളം)......ഫ്ലോർ ഓർഡറിലാക്കണം.....അദ്ദേഹം മുതിർന്ന നേതാവാണ്. നിങ്ങളുടെ ലീഡർക്ക് സംസാരിക്കാൻ അവസരം നൽകണം. നിങ്ങൾതന്നെ ഫ്ലോറിൽ ഇറങ്ങി നടന്നാലോ; അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ....

ശ്രീ. വി. ഡി. സതീശൻ: സർ, പൊലീസിനെ സ്റ്റീൽ ബോംബെറിഞ്ഞതിന് കോടതി ഇരുപത് വർഷം തടവിന് ശിക്ഷിച്ച ക്രിമിനലിനെ ഒരു മാസം തികയുന്നതിനുമുമ്പ് രണ്ടുംമൂന്നും പ്രാവശ്യം പരോൾ നൽകി അയാളെ സംഘർഷഭരിതമായ സ്ഥലത്തേക്ക്/തെരുവിലേക്ക് ഇറക്കിയിരിക്കുകയാണ്. അതിൽ അടിയന്തര പ്രാധാന്യമില്ലെങ്കിൽ പിന്നെ എന്തിനാണ് സഭാ സമ്മേളനം ചേരുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, നിയമവും ചട്ടവും അനുസരിച്ചാണ് തടവുകാർക്ക് പരോൾ അനുവദിക്കുന്നത്. 08-01-2026-നാണ് അവസാനം പരോൾ അനുവദിച്ചത്. അതിനുശേഷം നാലോ അഞ്ചോ ദിവസം സഭാ സമ്മേളനം നടന്നു. വളരെയധികം അടിയന്തര പ്രാധാന്യമുള്ള വിഷയമായിരുന്നെങ്കിൽ 22-01-2026-ന് നോട്ടിസ് നൽകാമായിരുന്നു. സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അന്ന് നോട്ടീസുപോലും ഉണ്ടായിരുന്നില്ലെന്ന കാര്യം ഞങ്ങൾ സഭയിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഇപ്പോൾ വിഷയ ദാരിദ്ര്യംകൊണ്ടാണ് പ്രതിപക്ഷം

ഈ നോൺ ഇഷ്യൂ ഉയർത്തിക്കൊണ്ടുവരുന്നത്.........(ബഹളം).......... അവർക്ക് ഈ വിഷയം ഉന്നയിക്കണമെങ്കിൽ സബ്മിഷനായി ഉന്നയിക്കാമെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. അതിന് സർക്കാരിന് വിരോധമില്ല. നേരത്തെ ഈ വിഷയം ഉണ്ടായിട്ടും, അങ്ങനെയൊരു പ്രശ്നമുണ്ടെങ്കിൽ/അടിയന്തര പ്രാധാന്യമുള്ളതാണെന്ന് തോന്നിയിരുന്നെങ്കിൽ 22-01-2026-ന് നോട്ടീസ് നൽകാമായിരുന്നു. അന്ന് നോട്ടീസ് നൽകാൻപോലും തയ്യാറാകാതിരുന്ന ആളുകൾ ഇപ്പോൾ ദാരിദ്ര്യം കൊണ്ടാണ് വരുന്നത്. ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്, ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ചീറ്റിങ്......(ബഹളം).... കേസിൽ ശിക്ഷിക്കപ്പെട്ട പ്രതിക്ക് ശിക്ഷായിളവ് നൽകി ..........(ബഹളം)...........

<u>മി. സ്പീക്കർ</u>: യെസ്......പ്ലീസ്.....പ്ലീസ്......ഈ വിഷയം ചർച്ചയ്ക്കെടുക്കില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാമായിരുന്നു........(ബഹളം)..........നോക്കൂ.....പ്ലക്കാർഡുകൾ നോക്കൂ .....ചർച്ചയ്ക്ക് ധൈര്യമില്ലേ.............(ബഹളം).................അതിനർത്ഥം ഈ വിഷയം ചർച്ചയ്ക്കെടുക്കില്ലെന്ന് നിങ്ങൾക്കുതന്നെ അറിയാം. കാരണം

ചർച്ചയ്ക്കെടുക്കാൻ സാധിക്കാത്ത പോയിന്റുകൾ കൊണ്ടുവന്ന് നിങ്ങൾ പ്ലക്കാർഡുകൾ ഉയർത്തുകയാണ്. അത് വളരെ ക്ലിയറാണ്..... (ബഹളം)................പ്രീ-പ്ലാൻഡ് ആണ്. ഞാൻ പറഞ്ഞല്ലോ; ഈ വിഷയം ഫ്ലോറിൽ വരില്ലെന്ന് പ്രതിപക്ഷാംഗങ്ങൾക്കുതന്നെ അറിയാം. അതുകൊണ്ടാണല്ലോ പ്രിന്റഡ് പ്ലക്കാർഡുകൾ...... (ബഹളം).................എന്തിനാണ് പ്രിന്റഡ് പ്ലക്കാർഡുകൾ; ഇവിടെ എന്തെങ്കിലും മെഷിനറിയുണ്ടോ; ഇവിടെയൊരു മെഷിനറിയുമില്ല. നിങ്ങൾ ഉയർത്തിയ പ്ലക്കാർഡുകൾ നോക്കൂ.....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോക്കൂ..... ഉയർത്തിയ പ്ലക്കാർഡുകളിൽത്തന്നെ നിങ്ങൾക്ക് ഈ വിഷയം ചർച്ച ചെയ്യാൻ ആഗ്രഹമില്ലെന്ന് വളരെ കൃത്യമായി പറയുന്നു. സഭയ്ക്കകത്ത് റക്കസുണ്ടാക്കുകയാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുസമീപം വന്ന് പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ

തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമങ്ങളിലേക്ക് കടന്നു.)